വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ-യും ബി-യും) കോളനികൾ അനുവദിച്ചുകിട്ടേണ്ടതിനു മാത്രമായി ഫൻ ഭ ൦-ൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ കണക്കുവച്ചിട്ടില്ല. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ നാനാഭാഗങ്ങളിൽനിന്നുമായി അനവധി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.

ധനസഹായം

*ഫ ഫ ഫ ൭. (വ്യൻ) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഷെഡ്യൂൾ കാസ്റ്റിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് ഫൻ ഭ ൦ലെ എഡ്യൂക്കേഷൻ സഹായം കൊടുത്തു;

(ബി) അതിൽ ഹൈസ്കൂൾ ക്ലാസുകളിൽ എത്ര; മിഡിൽ സെക്ഷനിൽഎത്ര;

(സി) അപ്രകാരം കൊടുത്ത തുകെ തുകയെന്തു;

(ഡി) ധനസഹായലിസ്റ്റ് അയച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും കൊടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ൻന്യ ഫ സ്കൂളിലെ വിദ്യാർത്ഥികൾക്ക്.

(ബി) ഓരോവിഭാഗത്തിലും എത്ര വിദ്യാർത്ഥികൾവീതമുണ്ടെന്നു കണക്കെടുത്തിട്ടില്ല.

(സി) രൂപാ ഫ,൮൯,൦൦൦.

(ഡി) കൊടുത്തു തീർന്നിട്ടില്ല.

(ഇ) ആദ്യം അനുവദിച്ചതുകയിൽ കൂടുതലായി വീണ്ടും തുക അനുവദിക്കേണ്ടിവന്നതു നിമിത്തം അല്പംതാമസം നേരിട്ടു.

കോളനി കെട്ടിടങ്ങൾ

*ഫ ഫ ഫ ൭. (ൻ ൦) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അവശസമുദായസംരക്ഷണ ഡിപ്പാർട്ടുമെൻറിൽനിന്നും കോളനികൾ ഉണ്ടാക്കികൊടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് ഓല കെട്ടിമേയുന്നതിനു കൊടുത്തുകൊണ്ടിരുന്ന ധനസഹായം ഈ കൊല്ലം കൊടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഇല്ല.

(ബി) കോളനികളിലുള്ളകെട്ടിടങ്ങൾ ഓലകെട്ടിമേയുന്നതിനു ധനസഹായം കൊടുക്കേണ്ടതില്ലെന്നു അവശസമുദായസംരക്ഷണ ഉപദേശകമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ഫൻ ൪ 0 മേയ് ഫ0-ാംനു കൂടിയ യോഗത്തിൽ ഐകകണ്ഠ്യേന തീരുമാനിച്ചു. അതനുസരിച്ച് ഈ ധനസഹായം നിഷേധിക്കുകയുണ്ടായി.

കോളേജ് വിദ്യാർത്ഥികൾ

*ഫ ഫ ഫൻ. (ൻ ഫ) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവൺമെണ്ടിൽനിന്നും ധനസഹായം ലഭിക്കുന്ന എത്ര കോളേജുവിദ്യാർത്ഥികൾ ഇക്കൊല്ലം തിരുവിതാംകൂർ കൊച്ചിസ്റ്റേറ്റിലുണ്ട്;

(ബി) അവർക്ക് ഓരോരുത്തർക്കും പ്രതിമാസം ഗവൺമെണ്ടിൽനിന്നും ചിലവാക്കുന്ന തുക എത്ര;

(സി) ഇക്കൊല്ലം എത്ര തുക ധനസഹായം കൊടുക്കേണ്ടിവരും;

(ഡി) കഴിഞ്ഞകൊല്ലം ഫൻ ൪ ൻ-ൽ ആകെ ചിലവായ തുക എത്ര?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉവ്വ്.

(ബി) പൊതുവെ ഓരോരുത്തരുടെയും ചിലവ് വ്യത്യസ്ത രീതിയിലാണ്. എങ്കിലും പ്രതിമാസം ഓരോരുത്തർക്കും ൪ ൫ രൂപയിൽ കുറയാതെ ചിലവാക്കിവരുന്നുണ്ട്. ഇതിനു പുറമെ പുസ്തകം വസ്ത്രം മുതലായവ വാങ്ങുന്നതിനു പ്രതിവർഷം ഓരോവിദ്യാർത്ഥിക്കും ൫0 രൂപാ മുതൽ ൭0 രൂപാവരെ ചിലവാക്കുന്നുണ്ട്.

(സി) ഒരു ലക്ഷത്തി അൻപതിനായിരം രൂപ.

(ഡി) അൻപതിനായിരം രൂപാ.

വിദ്യാഭ്യാസ സഹായം

ഫ ഫ ഫ 0. (ൻ ഫ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക സമുദായ മന്ത്രി സദയം മറുപടി പറയുമോ.—

(എ) പെരുമ്പാവൂർ ഇംഗ്ലീഷ് ഹൈസ്കൂളിൽ പഠിക്കുന്ന പിന്നോക്കസമുദായ വിദ്യാർത്ഥികൾക്ക് പ്രസ്തുതവർഷത്തേക്ക് അനുവദിച്ചിട്ടുള്ള സഹായധനം നൽകപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രതെല്ലാം ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് യഥാക്രമം എത്ര ഉറുപ്പികവീതം നൽകപ്പെട്ടു?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉണ്ട്.

(ബി) ഒന്നാം ഫാറംമുതൽ സ്റ്റേം ഫൈനൽക്ലാസുവരെയുള്ള എല്ലാവിദ്യാർത്ഥികൾക്കും സഹായധനം നൽകിട്ടുണ്ട്. മിഡിൽ സ്റ്റേം ക്ലാസുകളിൽ ഫ൫ രൂപാവീതവും ഹൈസ്കൂൾ ക്ലാസുകളിൽ ൪ 0 രൂപാ വീതവും കൊടുത്തു.

മോണോസൈറ്റ് ഫാക്ടറി

*ഫ ഫ ഫ ഫ. (ൻ ൪) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly